ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്താറുണ്ട്.

(ബി) കേരളത്തിൽ ഇപ്പോൾ 267 പോലീസ് സ്റ്റേഷനുകളെ മാതൃകാ ജനമൈത്രി പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 21 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് കസ്റ്റഡി മർദ്ദനത്തിനെതിരെ രണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കോടതി കേസ്സെടുത്തിട്ടുണ്ട്. എ.എസ്.ഐ. വിജയൻ, സി.പി.ഒ. 7973 ഷാജി എന്നിവർക്കെതിരെ സുനിൽകുമാർ എന്നയാൾ ബഹു. വടകര ജെ.എഫ്.സി.എം. -1 കോടതി മുമ്പാകെ നൽകിയ പരാതി ബഹു. CMP 939/15 ആയി സ്വീകരിച്ച് അന്വേഷണം നടത്തി വരികയാണ്.

സിവിൽ പോലീസ് ഓഫീസറുടെ കരയോഗ ഭാരവാഹിത്വം അവസാനിപ്പിക്കാൻ നടപടി

108(5697) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയും തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസറുമായ ശ്രീ. ജി. ആർ. അജിത് (സി.പി.ഒ 4324) തിരുവനന്തപുരം കവടിയാർ 27493-ാം നമ്പർ കരയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി തന്റെ അന്വേഷണത്തിൽ ശ്രീ. ജി. ആർ. അജിത്തിന്റെ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപവും തികഞ്ഞ അച്ചടക്കലംഘനവും ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; 2015 മാർച്ച് 21-ാം തീയതിയിലെ ഉത്തരവ് നമ്പർ എച്ച് 2/221520/2015 റ്റി.ഡിയുടെ പകർപ്പ് നൽകാമോ ;

(സി) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ 24-4-2015-ലെ എച്ച്2/22150/2015/ റ്റി.ഡി ഉത്തരവ് പ്രകാരം ശ്രീ. ജി. ആർ. അജിത്തിനോട് അടിയന്തരമായി കരയോഗം സെക്രട്ടറി സ്ഥാനം രാജിവെക്കാൻ ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ശ്രീ. ജി. ആർ. അജിത് ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പാലിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ കടുത്ത അച്ചടക്ക ലംഘനത്തിന് നടപടി സ്വീകരിച്ചോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ഇ) ശ്രീ. ജി. ആർ. അജിത്തിനെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ.എസ്.എസ്. കരയോഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്. 21-3-2015-ലെ തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ എച്ച്2/22150/2015 റ്റി.സി. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.*

(സി) കരയോഗം സെക്രട്ടറി സ്ഥാനം രാജിവയ്ക്കാൻ ശ്രീ. ജി. ആർ. അജിത്തിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.*

(ഡി) ശ്രീ. ജി. ആർ. അജിത് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പാലിച്ചിട്ടുണ്ട്.

(ഇ) ശ്രീ. ജി. ആർ. അജിത്തിനെതിരെ ഒരു വാച്ചാന്വേഷണത്തിന് തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്.

തിരൂർ കൈനിക്കര എ.എം.എൻ.പി. സ്കൂളിലെ കുട്ടികളുടെ പാഠപുസ്തകം കത്തിച്ച സംഭവം

109(5698) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ തിരൂർ കൈനിക്കര എ.എം.എൻ.പി. സ്കൂളിൽ എസ്.എഫ്.ഐ. വിദ്യാർത്ഥി സംഘടന കുട്ടികൾക്ക് പഠിക്കാനായി സർക്കാരിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് പ്രിന്റ് എടുത്ത് നൽകിയ പാഠപുസ്തകം കത്തിച്ച സംഭവം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ ; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.